(സി) തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം ശ്രദ്ധയിൽപ്പെട്ടതിന്റെ ഭാഗമായി സബ്സിഡി നിരക്കിൽ ചകിരി കയർ മേഖലയിലെ സഹകരണ സംഘങ്ങൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിതരണം ചെയ്തുവരുന്നു.

(ഡി) ഉൽപാദനച്ചെലവിന് അനുസൃതമായ വില നൽകി കയറുത്പന്നങ്ങൾ സംഭരിക്കുന്നതിന് കയർ സംഘങ്ങളെ സജ്ജമാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കയർ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിന് എല്ലാവിധ സഹായങ്ങളും സർക്കാർ നൽകുന്നതാണ്.

രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (ർസ) പദ്ധതി

10 (*99) ശ്രീ. സി. ദിവാകരൻ :
ശ്രീ. കെ. രാജു :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാൻ (ർസ) നടപ്പിലാക്കാൻ എത്ര കോടി രൂപയുടെ പദ്ധതികളാണ് സമർപ്പിച്ചത് ; അവ ഏതെല്ലാം ;

(ബി) പ്രസ്തുത പദ്ധതികൾ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ അദ്ധ്യയന വർഷത്തെ പദ്ധതികൾക്ക് ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് രൂപകല്പന നൽകിയത് ;

(ഡി) ർസ ഫണ്ട് വിനിയോഗത്തിനുള്ള വിദഗ്ധ സമിതി രൂപീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ സമിതി എത്ര യോഗം കൂടിയിട്ടുണ്ട് ; പ്രസ്തുത സമിതിയുടെ ചുമതലകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്) : സർ,

(എ) പന്ത്രണ്ടാം പദ്ധതിയിൽ ഉൾപ്പെടുന്നതിനായി 1133.56 കോടി രൂപയുടെ ശിപാർശകളാണ് സമർപ്പിച്ചിട്ടുള്ളത്.

1. ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാനുകൾക്ക് 506 കോടി
2. നിലവിലുള്ള ആട്ടോണമസ് കോളേജുകളെ സർവ്വകലാശാലകളായി ഉയർത്തുന്നതിന് 55 കോടി

LIBRARY ARCHIVES Kerala Legislative Assembly

3.	ക്ലസ്റ്റർ കോളേജ് യൂണിവേഴ്സിറ്റിയാക്കുന്നതിന്	55 കോടി
4.	യൂണിവേഴ്സിറ്റികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്	120 കോടി
5.	പിന്നോക്കാവസ്ഥയിലുള്ള ജില്ലകളിൽ നാല് ഗവണ്മെന്റ് കോളേജുകൾ ആരംഭിക്കുന്നതിന്	48 കോടി
6.	നിലവിലുള്ള ഡിഗ്രി കോളേജുകളെ മോഡൽ ഡിഗ്രി കോളേജുകളായി ഉയർത്തുന്നതിന്	24 കോടി
7.	പുതിയ പ്രൊഫഷണൽ കോളേജുകൾ ആരംഭിക്കുന്നതിന്	52 കോടി
8.	റിസർച്ച്, ഇന്നൊവേഷൻ, ക്വാളിറ്റി	120 കോടി
9.	ഇക്വിറ്റി ഇൻഷ്യേറ്റീവ്	5 കോടി
10.	ഫാക്കൽറ്റി റിക്രൂട്ട്മെന്റ്	76.56 കോടി
11.	ഫാക്കൽ ട്രെയിനിംഗ് അക്കാഡമി	6 കോടി
12.	വൊക്കേഷണലൈസേഷൻ ഓഫ് ഹയർ എഡ്യൂക്കേഷൻ	15 കോടി
13.	ലീഡർഷിപ്പ് ഡെവലപ്മെന്റ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേറ്റേഴ്സ്	5 കോടി
14.	ഇൻസ്റ്റിറ്റ്യൂഷണൽ റീസ്ട്രക്ചറിംഗ്	20 കോടി
15.	കപ്പാസിറ്റി ബിൽഡിംഗ്, ഡാറ്റാ കളക്ഷൻ, സർവ്വേ ആന്റ് പ്ലാനിംഗ്	10 കോടി
16.	എം.ഐ.എസ്.(മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (മാനേജ്മെന്റ്)	10 കോടി
17.	എം.എം.ഇ.ആർ (മാനേജ്മെന്റ് മോണിറ്ററിംഗ്, ഇവാല്യുവേഷൻ ആന്റ് റിസർച്ച്)	6 കോടി

(ബി) ഇല്ല. പദ്ധതികൾ അംഗീകരിക്കാനുള്ള റൂസയുടെ പ്രോജക്ട് അപ്രൈസൽ ബോർഡ് (PAB) യോഗം ചേർന്നുവേണം പദ്ധതികൾ അംഗീകരിക്കാൻ. പി.എ.ബി. മീറ്റിംഗ് കൂടി തീരുമാനിക്കാത്തതിനാൽ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടില്ല.

(സി) കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിലും ഹയർ എഡ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റും ചേർന്നാണ് പദ്ധതികൾക്ക് രൂപകൽപന നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കോളേജുകളും യൂണിവേഴ്സിറ്റികളും സമർപ്പിക്കുന്ന ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാനുകൾ പരിശോധിക്കാനും തീരുമാനിക്കാനും സ്റ്റേറ്റ് ലെവൽ പ്രോജക്ട് ഡയറക്ടറേറ്റും എക്സ്പെർട്സ് ഓഫ് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പും രൂപീകരിച്ചിട്ടുണ്ട്.

സംസ്ഥാന തലത്തിൽ പ്രോജക്ട് പ്രാവർത്തികമാക്കുന്നത് നിരീക്ഷിക്കുക, റിപ്പോർട്ടുകളും സ്റ്റാറ്റിസ്റ്റിക്കൽ ഡാറ്റകളും പരിശോധനയ്ക്ക് വിധേയമാക്കുക, ആവശ്യമായ സന്ദർഭങ്ങളിൽ ആഡിറ്റർമാരെ നിയമിക്കുക ഇവയെല്ലാമാണ് പ്രോജക്ട് ഡയറക്ടറേറ്റിന്റെ ചുമതലകൾ. ധനവിനിയോഗവും ഇതുമായി ബന്ധപ്പെട്ട വിവരങ്ങളും നിരീക്ഷിക്കുകയും വിലയിരുത്തുകയും ചെയ്യുക, സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടറേറ്റിനെ സഹായിക്കുക എന്നിവയാണ് ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പിന്റെ ചുമതലകൾ.

മോണോ റെയിൽ, ലൈറ്റ് മെട്രോ പദ്ധതികൾ

11 (*100) ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. ബി. സത്യൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; ഇത് പിന്നീട് വേണ്ടെന്ന് വയ്ക്കാൻ കാരണ മെന്തായിരുന്നു ; ഇത് സർക്കാരിന്റെ മിഷൻ 676 ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിനകം നടത്തിയിട്ടുള്ളത് ; ഇതിനായി നാളിതുവരെ എത്ര രൂപ ചെലവാക്കിയെന്ന് അറിയിക്കാമോ ;

(സി) പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന ലൈറ്റ് മെട്രോ പദ്ധതിയുടെ സാങ്കേതിക സാദ്ധ്യതകൾ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പദ്ധതിയ്ക്കാവശ്യമായ പണം ഏത് സ്രോതസ്സ് വഴിയാണ് കണ്ടെത്തിയിട്ടുള്ളത് ;

(ഇ) പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly